# രൂപതയിലെ പൊതുസ്ഥാപനങ്ങൾ

## മാർപ്പാപ്പാ സന്ദർശിച്ച ബിഷപ്പ്സ് ഹൗസ്

രൂപതയുടെ ആരംഭത്തിലെ മെത്രാസന മന്ദിരം ഇപ്പോഴത്തെ ബി.സി.എം. കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു. പിന്നീടാണ് ഇപ്പോഴുള്ള മെത്രാസന ബംഗ്ലാവ് വാങ്ങിച്ചതും തുടർന്ന് പല ഭാഗങ്ങൾ പണികഴിപ്പിച്ചതും. ഇതോടു ചേർന്നുള്ള ക്രിസ്തുരാജ കത്തീഡ്രൽ 1944 ഒക്ടോബർ 29-നാണ് കൂദാശ ചെയ്തത്. കാലക്രമേണ രൂപതയിലെ വൈദികരും സ്ഥാപനങ്ങളും ഇടവകകളും വർദ്ധിച്ചു വന്നതോടെ കൂടുതൽ സൗകര്യാർത്ഥം മുറികൾ കൂട്ടി കെട്ടിടം നീട്ടിപ്പണിതു.

ക്രിസ്തുരാജ കത്തീഡ്രലിൻെറയും മെത്രാസന മന്ദിരത്തിൻെറയും കോട്ടയം രൂപതയുടെയും ചരിത്രത്തിലെ സുപ്രധാന ദിനമായിരുന്നു 1986 ഫെബ്രുവരി 8. അന്ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ മെത്രാസന മന്ദിരം സന്ദർശിച്ചു. അഭിവന്ദ്യ കുന്നശ്ശേരി പിതാവ് ഏലയ്ക്കാ മാലയണിയിച്ച് പരിശുദ്ധ പിതാവിനെ സ്വീകരിച്ചു. മാർപ്പാപ്പാ അവിടെ ഉച്ചഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും മെത്രാസന മന്ദിരത്തിൻെറ ജാലകത്തിലൂടെ ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യുകയും ക്രിസ്തുരാജ കത്തീഡ്രലിൽ പ്രാർത്ഥിക്കുകയും ചെയ്തു.



കോട്ടയം മെത്രാസനമന്ദിരം

## രൂപതയ്ക്കൊരു അജപാലന കേന്ദ്രം

ധാർമ്മികവും മതപരവും ആദ്ധ്യാത്മികവുമായ പരിശീലനം കലാനുസൃതമായി നല്കുക എന്ന ലക്ഷ്യത്തോടെ കുന്നശ്ശേരി പിതാവ് 1978-ൽ സ്ഥാപിച്ചതാണ് തിരുഹൃദയക്കുന്നിലുള്ള പാസ്റ്ററൽ സെൻറർ. രൂപതയിലെ അജപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വ്യക്തമായ രൂപവും ഭാവവും അവയ്ക്കു നൽകി കൂടുതൽ ചൈതന്യവും കാര്യക്ഷമതയും നൽകുവാൻ ഈ സെൻറർ വഴി പരിശ്രമിക്കുന്നു. അതിനാൽ രൂപതയിലെ എല്ലാ അജപാലന പ്രവർത്തനങ്ങളുടെയും സ്രോതസ്സാണിത്. ഇതിൻെറ ഭരണ സമിതിയുടെ രക്ഷാധികാരി കുന്നശ്ശേരി പിതാവാണ്. ഈ പാസ്റ്ററൽ സെൻററിൻെറ കീഴിൽ വിവിധ കമ്മീഷനുകൾ പ്രവർത്തിക്കുന്നു.

- ബൈബിൾ കമ്മീഷൻ
- ലിറ്റർജി കമ്മീഷൻ
- വൊക്കേഷൻ കമ്മീഷൻ
- മതബോധന കമ്മീഷൻ
- ഫാമിലി അപ്പോസ്റ്റലേറ്റ് കമ്മീഷൻ
- ഭക്തസംഘടന കമ്മീഷൻ
- യൂത്ത് കമ്മീഷൻ
- വിദ്യാഭ്യാസ കമ്മീഷൻ
- ആർട്സ് കമ്മീഷൻ
- എക്യുമെനിക്കൽ കമ്മീഷൻ

ചൈതന്യാ പാസ്റ്ററൽ സെൻറർ അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ ഭാവനയിൽ രൂപമെടുത്തതും അദ്ദേഹത്തിൻെറ പൈതൃക സംരക്ഷണത്തിൽ വളർന്നു വികസിച്ചുകൊണ്ടിരിക്കുന്നതുമായ സ്ഥാപനമാണ്. അജപാലന തീഷ്ണതയുടെ ഒരു നിത്യസ്മാരകമായി ഇതു വിരാജിക്കുന്നു.

## മലബാറിന് പ്രത്യേക അജപാലന കേന്ദ്രം

1980-ൽ ആണ് കണ്ണൂർ ബറുമറിയം പസ്റ്ററൽ

സെൻററിൻെറ ആരംഭം.മലബാർ മേഖലയിലെ കോട്ടയം രൂപതാംഗങ്ങളെ ഏകോപിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിന് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും, വിവിധ തലങ്ങളിൽ അവർക്ക് പരിശീലനം നല്കുന്നതിനുമാണ് ഇത് ആരംഭിച്ചത്. കുന്നശ്ശേരി പിതാവിൻെറ ദീർഘവീക്ഷണത്തിൽനിന്നുമാണ് ഈ പാസ്റ്ററൽ സെൻറർഉടലെടുത്തത്. ഇത് മലബാർ പ്രദേശത്തെ കോട്ടയം രൂപതവക ദൈവാലയങ്ങളെ ബന്ധിപ്പിക്കുന്നു.

ഇന്ന് ഈ സ്ഥാപനം കേന്ദ്രമാക്കി മലബാർ റീജിയണൽ യൂത്തുസെൻററും സോഷ്യൽ സർവ്വീസ് സെൻററും പ്രവർത്തിക്കുന്നു. കൂടാതെ ഇവിടെ നേഴ്സറി സ്കൂൾ, അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്ക്കൂൾ, മന്ദബുദ്ധി പരിശീലനകേന്ദ്രം എന്നീ സ്ഥാപനങ്ങളുമുണ്ട്.

## ഹൈറേഞ്ചിലും ജൂബിലിസ്മാരകം

ഹൈറേഞ്ചു മേഖലയിലുള്ള ഇടവകകളെ ഉദ്ദേശിച്ച് തടിയംപാട് കേന്ദ്രമാക്കി പുതിയൊരു പാസ്റ്ററൽ സെൻറർ വി. പത്താം പീയൂസിൻെറ മിഷിനറി സൊസൈറ്റി വകയായി ആരംഭിച്ചു. ഹൈറേഞ്ചു മേഖലയുടെ വികസനത്തിനുവേണ്ടി കുന്നശ്ശേരി പിതാവ് വിഭാവനം ചെയ്യുന്ന പുതിയൊരു പദ്ധതിയാണിത്.

തടിയംപാട് കവലയ്ക്കു സമീപം വാങ്ങിയ പുരയിടത്തിൽ ഇതിൻെറ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പാസ്റ്ററൽ സെൻററിനോടനുബന്ധിച്ച് ഫാത്തിമാ മാതാ ദൈവാലയവും സ്ഥാപിച്ചു. താത്കാലിക കെട്ടിടത്തിൽ ഇപ്പോൾ ദിവ്യബലി അർപ്പിച്ചു വരുന്നു.

കുന്നശ്ശേരി പിതാവിൻെറ മെത്രാഭിഷേക ജൂബലി വത്സരത്തിൽ ആരംഭിച്ച ഈ പാസ്റ്ററൽ സെൻററിൽ ജൂബലി സമാപനത്തിന് തലേന്ന് ( 1993 ഫെബ്രുവരി 23 ) ആദ്യമായി മിഷനറി സൊസൈറ്റിയിലെ വൈദികരുടെ കാർമ്മികത്വത്തിൽ പ്രഥമ ദിവ്യബലി അർപ്പിച്ച് ഈ സെൻറർ ഉദ്ഘാടനം ചെയ്തു.

## ജൂബിലി ഓർമ്മക്കൊരു മന്ദിരം

തിരുഹൃദയക്കുന്നിലുള്ള ചൈതന്യാ പാസ്റ്ററൽ സെൻററിലെ പ്രവർത്തനങ്ങൾ ഏറിവന്നതിനാൽ കൂടുതൽ സൗകര്യത്തിനുവേണ്ടി തെള്ളകത്ത് മറ്റൊരു പാസ്റ്ററൽ സെൻറർ കൂടി അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ പ്രത്യേക താത്പര്യത്തിൽ ആരംഭിച്ചു.

രൂപതയിലെ സാമൂഹ്യപ്രവർത്തനങ്ങൾക്കും യുവജനക്ഷേമ പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുന്ന ഈ സ്ഥാപനത്തിൽ രൂപതയിലെ അജപാലനപരമായ പല പ്രവർത്തനങ്ങളും നടത്തപ്പെടും. കാരിത്താസ് ആശുപത്രിക്കടുത്ത് എം. സി. റോഡിനരികിലായി മനോഹരമായി നിർമ്മിച്ച ഈ കെട്ടിടം രൂപതയിലെ പാസ്റ്ററൽ കൗൺസിലിൻെറ താത്പര്യപ്രകാരം അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ മെത്രാഭിഷേക രജത ജൂബിലി സ്മാരകമായിട്ടാണ് അറിയപ്പെടുക.

ഈ സെൻററിൻെറ ഒന്നാം ഘട്ടം ജൂബിലി വത്സരത്തിൽതന്നെ പണി പൂർത്തിയാക്കി. കുന്നശ്ശേരി പിതാവിൻെറ ജൂബിലി ദിനമായ 1993 ഫെബ്രവരി 24-ാം തീയതി ജൂബിലേറിയൻ തന്നെ ആശിർവദിച്ചു.

## സെൻറ് സ്റ്റനിസ്ലാവോസ് മൈനർ സെമിനാരി

രൂപതാ വൈദിക വിദ്യാർത്ഥികളുടെ പ്രാഥമിക രൂപീകരണവും പ്രീഡിഗ്രി പഠനവും തിരുഹൃദയക്കു



ജൂബലിയുടെ ഭാഗമായി തെള്ളകത്ത് നിർമ്മിച്ച കുന്നശ്ശേരി പിതാവിൻെറ മെത്രാഭിഷേക സ്മാരക മന്ദിരം

ന്നിലുള്ള ഈ സെമിനാരിയിൽ നടക്കുന്നു. 1924 മുതൽ ഇതൊരു മേജർ സെമിനാരി ആയിരുന്നെങ്കിലും മംഗലാപുരത്തും ആലുവായിലും പിന്നീട് മേജർ സെമിനാരികളുണ്ടായതിനാൽ 1934- ൽ ഈ മേജർ സെമിനാരി നിർത്തലാക്കി പകരം രൂപതാ മൈനർ സെമിനാരിയാക്കി. ഇടക്കാലത്ത് (1963) ഈ സെമിനാരി പീരുമേട്ടിലേക്ക് മാറ്റിയെങ്കിലും പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു.

ദൈവവിളി പരിപാലനയിൽ അതീവ ശ്രദ്ധാലുവും മുൻ മൈനർ സെമിനാരി റെക്ടറുമായ കുന്നശ്ശേരി പിതാവ് സെമിനാരി ഇടയ്ക്കിടക്ക് സന്ദർശിക്കുകയും വൈദിക വിദ്യാർത്ഥികളുടെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നു. കോട്ടയം രൂപതയിലെ തന്നെ മറ്റു സമൂഹങ്ങളിലെ വൈദിക വിദ്യാർത്ഥികളും അവരുടെ ആദ്യ മൂന്നു വർഷത്തെ ബൗദ്ധിക പരിശീലനം നടത്തുന്നത് ഈ സെമിനാരിയിലാണ്.

രൂപതയിൽ വളർന്നു വരുന്ന ദൈവവിളി പരിഗണിച്ച് കോട്ടയം രൂപതയുടെ പ്ലാറ്റിനം ജൂബിലി സ്മാരകമായി അഭിവന്ദ്യ പിതാവിന്റെ പ്രത്യേക താത്പര്യത്താൽ പണികഴിപ്പിച്ച പുതിയ കെട്ടിടത്തിൽ ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. മൈനർ സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ബഹുമാനപ്പെട്ട വൈദികരോടൊപ്പം അൽമായരും ക്രിയാത്മകമായ പങ്കുവഹിക്കുന്നു. ഇവിടുത്തെ പരിശീലനത്തിന് ശേഷം രൂപതാ വൈദികരാകുവാൻ വേണ്ടി വിവിധ മേജർ സെമിനാരികളിൽ 29 വൈദിക വിദ്യാർത്ഥികൾ പരിശീലനം നേടുന്നു.

### മാർ മാക്കീൽ ഗുരുകുലം

ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഇന്ന് ഏറ്റവും കൂടുതൽ ദൈവവിളിയുള്ളത് കോട്ടയം രൂപതയിലാണ്. വർദ്ധിച്ചുവരുന്ന ദൈവവിളികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ സമീപ ഭാവിയിൽ ഇതര മേജർ സെമിനാരികളിൽ നമ്മുടെ കുട്ടികൾക്ക് മുഴുവൻ പേർക്കും പ്രവേശനം ലഭിക്കാൻ സാധ്യമാകാതെ വരും. ഇത് മുൻകൂട്ടി കണ്ടുകൊണ്ടാണ് കുന്നശ്ശേരി പിതാവ് ബാംഗ്ലൂർ ധർമ്മാരാം കോളേജിനു സമീപം മാർ മാക്കീൽ ഗുരുകുലം എന്ന പേരിൽ ഒരു സ്റ്റഡി ഹൗസ് പണിയിപ്പിച്ചത്. അവിടെ താമസിക്കുന്ന വൈദികാർത്ഥികൾ ധർമ്മാരാം കോളേജിൽ തങ്ങളുടെ പഠനം നടത്തുന്നു.

ബാംഗ്ലൂരുള്ള ക്നാനായ മക്കളെ ഒന്നിപ്പിക്കുന്നതിനും, പരസ്പരം ബന്ധപ്പെടുത്തുന്നതിനും മാർ മാക്കീൽ ഗുരുകുലം ഇന്ന് വേദിയൊരുക്കുന്നു. ഇതിന്റെ ആശീർവാദകർമ്മം മാർ കുര്യാക്കോസ് കുന്നശ്ശേരി നിർവ്വഹിച്ചു.

### തൂവാനീസ പ്രാർത്ഥനാലയം.

കുന്നശ്ശേരി പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് തൂവാനീസാ പ്രാർത്ഥനാലയം. ആധുനിക മനുഷ്യന്റെ ദൈവാനുഭവത്തിനും ആത്മീയ ഉണർവിനും വേണ്ടിയുള്ള തീഷ്ണമായ ആഗ്രഹത്തെ സഫലമാക്കുവാൻ ഈ പ്രാർത്ഥനാലയത്തിനു കഴിയുന്നു.

1982 സെപ്റ്റംബർ 20 ാം തീയതി അഭിവന്ദ്യ പിതാവ് ഇത് വെഞ്ചരിച്ചു. രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും അൽമായർക്കും ധ്യാനം, പ്രാർത്ഥനാസെമിനാറുകൾ ആധ്യാത്മീകോന്നമനത്തിനുള്ള ഇതര പരിപാടികൾ തുടങ്ങിയവ ഇവിടെ സംഘടിപ്പിക്കുന്നു.

### വിയാനി ഹോം

വാർദ്ധക്യമോ അനാരോഗ്യമോ മൂലം അജപാലന രംഗത്ത് ജോലിചെയ്യാൻ സാധിക്കാതെ വരുന്ന രൂപതാവൈദികർക്ക് വിശ്രമത്തിനും താമസത്തിനും വേണ്ടി കാരിത്താസ് ആശുപത്രിയോടടുത്ത് പണിതി

*മെത്രാഭിഷേക രജത ജൂബിലി ആഘോഷിക്കുന്ന*

*അഭിവന്ദ്യ പിതാവിന് ഞങ്ങളുടെ പ്രാർത്ഥനാനിർഭരമായ*

*ആശംസകൾ!*

**കോരക്കുടിലിൽ ജോസ് & സെലിൻ**

**ജോസ്ലിൻ, ജെനീസ് & സ്റ്റെഫനി**



ക്രൈസ്തവരംഗ കലാകേന്ദ്രമായ ഹാദ്ദൂസായുടെ ഉദ്ഘാടനം ഗവർണ്ണർ പി. രാമചന്ദ്രൻ നിർവഹിച്ചപ്പോൾ.

രിക്കുന്ന വൈദിക മന്ദിരമാണ് വിയാനിഹോം. 1962 ൽ ആശിർവദിക്കപ്പെട്ടു.

# കമ്മ്യൂണിക്കേഷൻസ്

## കാത്തലിക് മിഷൻ പ്രസ്

ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും അച്ചടിക്കുവാനും രൂപതാവക അച്ചടിജോലികൾ നിർവഹിക്കുവാനും സ്വന്തമായൊരു പ്രസ് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ട അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവ് 1918 ൽ കോട്ടയം മെത്രാസന അരമനയുടെ മുൻഭാഗത്തെ ഹാളിൽ ആരംഭിച്ചതാണ് കാത്തലിക് മിഷൻ പ്രസ്. ഇന്നത് കെ. കെ. റോഡിനരികിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അപ്നാദേശ്, തിരുഹൃദയമാസിക എന്നിവ ഇവിടെ അച്ചടിക്കുന്നു.

## തിരുഹൃദയ മാസിക

**1936** ആഗസ്റ്റ് 29 ന് പ്രസിദ്ധീകരണമാരംഭിച്ചതാണ് തിരുഹൃദയ മാസിക. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിൽ ഈ മാസിക കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. 1984 മുതൽ ഈ മാസിക കോട്ടയം രൂപതാ ബുള്ളറ്റിനായിട്ടുകൂടിയാണ് പ്രസിദ്ധീകരിക്കുന്നത്.

## അപ്നാദേശ്

**1956** നവംബർ ഒന്നു മുതൽ, ചൂളപ്പറമ്പിൽ പിതാവിൻെറ മെത്രാഭിഷേക വാർഷിക സ്മരണയ്ക്ക് അഭിവന്ദ്യ തറയിൽ പിതാവിൻെറ അനുഗ്രഹാശിസുകളോടെ വാരികയായി ആരംഭിച്ചു. ആഴ്ചതോറും വാർത്തകൾ വിലയിരുത്തിക്കൊണ്ട് അനുവാചകരുടെ ചിന്തയ്ക്ക് മാർഗദർശനം നൽകുക, അഭിപ്രായ രൂപീകരണത്തിനു സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ അപ്നാദേശ് പ്രവർത്തിച്ചിരുന്നു. കൂടാതെ സഭയുടെയും സമുദായത്തിൻെറയും പ്രശ്നങ്ങൾ സംബന്ധിച്ച് ഭീതിയും ദാക്ഷിണ്യവും കൂടാതെ ധീരധീരം വാദിക്കുവാൻ അപ്നാദേശ് ശ്രമിച്ചിട്ടുണ്ട്. 1974 മുതൽ ഇതു ദ്വൈവാരികയായി പ്രസിദ്ധീകരിച്ചു തുടങ്ങി.

## ജ്യോതി കൾച്ചറൽ സൊസൈറ്റി

**1976-77** വർഷങ്ങളിൽ അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ അനുഗ്രഹാശിസുകളോടെ രൂപതയിലെ ഏതാനും വൈദികർ അംഗങ്ങളായുള്ള ഒരു ചാരിറ്റബിൾ സംഘടന ജ്യോതി കൾച്ചറൽ സൊസൈറ്റി എന്ന പേരിൽ രജിസ്റ്റർ ചെയ്തു. ഈ സംഘടനയ്ക്കാണ് രൂപത വക പ്രസിദ്ധീകരണങ്ങളുടെ ഉത്തരവാദിത്വം.

## ജ്യോതി ബുക്ക് ഹൗസ്

കേരളത്തിനകത്തും പുറത്തുമുള്ള വിവിധ പ്രസാധകരുടെ ഗ്രന്ഥങ്ങൾ ഇവിടെ വില്ക്കുന്നതോടൊപ്പം ബുക്ക് ഹൗസ് പല പുസ്തകങ്ങളുടെയും പ്രസാധനവും വിതരണവും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പള്ളി ഉപകരണങ്ങൾ, ഭക്തസാധനങ്ങൾ, ഗ്രീറ്റിങ്ങ് കാർഡുകൾ, റിക്കാർഡഡ് കാസറ്റുകൾ, ഗൈഡുകൾ മുതലായവയും ഇവിടെ വില്പനയ്ക്കുണ്ട്.

## കോട്ടയം കമ്മ്യൂണിക്കേഷൻസ്

ടെലിവിഷൻ, സിനിമാ തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ ദൈവവചനവും മാനുഷിക മൂല്യങ്ങളും പ്രചരിപ്പിക്കുന്നതിനും കലാകാരൻമാരെ പരിശീലിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ മെത്രാഭിഷേക ജൂബിലി വത്സരത്തിൽ തന്നെ (1993) ആരംഭിച്ചതാണ് കോട്ടയം കമ്മ്യൂണിക്കേഷൻസ്.

## ഹാദൂസാ

അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ പ്രോത്സാഹനത്തിൽ രൂപമെടുത്തു പ്രവർത്തിച്ചു വരുന്ന രംഗകലാകേന്ദ്രമാണ് ഹാദൂസാ. മാർഗ്ഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം, വട്ടക്കളി, പള്ളിപാട്ടുകൾ, പുരാതന നാടോടിപ്പാട്ടുകൾ തുടങ്ങിയ കലാരൂപങ്ങളെ പുനരുദ്ധരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഈ കേന്ദ്രം നേതൃത്വം നൽകുന്നു.